പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2379 **27-10-2026-ൽ മറുപടിയ്ക്ക്**

സബ്സ്റ്റേഷനുകൾക്കും വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഉപകരണങ്ങൾ വാങ്ങുന്നതിനു കമ്മിറ്റി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷനുകൾക്കും മറ്റ് വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ ഏതെങ്കിലും കമ്മിറ്റികൾ നിലവിലുണ്ടോ;

മറുപടി: കെ.എസ്.ഇ.ബി.എൽ സബ്സ്റ്റേഷനുകൾക്കും മറ്റ് വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച നടപടികൾക്കായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ നിലവിലുണ്ട്. ടെണ്ടർ ക്ഷണിക്കുമ്പോൾ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തീരുമാനിക്കാൻ വിവിധ ടെക്നിക്കൽ കമ്മിറ്റികളും സാങ്കേതിക ബിഡ് തീരുമാനിക്കാൻ പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയും നിലവിലുണ്ട്.

(ബി) ഭൂമി വാങ്ങാനും മറ്റ് ഓരോ പദ്ധതികൾക്കും പ്രത്യേക സർക്കാർ ഉത്തരവ് ഇറക്കുന്നതിൽ നിന്ന് ഒഴിവാക്കി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

മറുപടി: പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ LARR ആക്ട് മുഖേനയോ Negotiated Purchase മുഖേനയോ Lease അടിസ്ഥനത്തിലോ ആണ്.

സെക്ഷൻ ഓഫീസർ